
## കത്തുകൾ




# വംശനാശ ഭീഷണിയിൽ പണ്ഡിതസമൂഹം

**സച്ചാർ** കമ്മിറ്റി റിപ്പോർട്ടോടെ മദ്റസാ പഠനവും മതവിദ്യാഭ്യാസവും സജീവ ചർച്ചാ വിഷയമായിരിക്കുകയാണ്. ഭൗതിക വിദ്യാഭ്യാസത്തിന്റെ അതിപ്രസരത്താൽ മതപഠനം മരിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് സത്യം. ഈ സാഹചര്യത്തിൽ മതവിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്താനും മദ്റസകളും അറബിക് കോളേജുകളും കൂടുതൽ കാര്യക്ഷമമാക്കാനും മുന്നോട്ടു വന്നില്ലെങ്കിൽ, കനത്ത വില നൽകേണ്ടി വരും.

മതപരമായ അറിവുനേടാൻ നമ്മുടെ മുൻഗാമികൾ കാണിച്ച ഊർജസ്വലതയും ഔത്സുക്യവും നാം കൈവിട്ടതോടെ മതപഠനം തീരെ ദുർബലമായിപ്പോയി. മുമ്പ് സ്കൂളിൽ പോകാത്ത കുട്ടികളെ കണ്ടേക്കാമെങ്കിലും മദ്റസയിൽ പോകാത്ത കുട്ടികളുണ്ടായിരുന്നില്ല. അത്രക്ക് ശക്തവും സജീവവുമായിരുന്നു മതപഠനരംഗം.

മുൻകാലങ്ങളിൽ കുഞ്ഞുങ്ങൾ അഞ്ചു വയസ്സുവരെ മാതാവിന്റെ കോന്തല പിടിച്ചു വളർന്നു വരികയായിരുന്നു. അധ്യാപകർ അവർ തന്നെ, വിദ്യാലയം വീടും. അഞ്ച് കഴിഞ്ഞാൽ മതപഠനത്തിനായി ഓത്തുപള്ളികളിൽ ചേർക്കും. മതപരമായ അനുഷ്ഠാനങ്ങൾ സ്വായത്തമാക്കാനും നല്ല സ്വഭാവശീലങ്ങൾ ജീവിതത്തിൽ പകർത്താനും ഇതിലൂടെ കുഞ്ഞുങ്ങൾക്ക് അവസരം ലഭിച്ചിരുന്നു. ഈ അറിവ് അവരുടെ ഭാവിജീവിതത്തിന്റെ വിജയത്തിന് അടിത്തറയായിട്ടുണ്ട്.

പണ്ടുകാലങ്ങളിൽ മദ്റസയിൽ സീറ്റു കിട്ടാൻ വേണ്ടി പരക്കം പാഞ്ഞിരുന്നു രക്ഷിതാക്കൾ. കാലം മാറി. ഇന്ന് അഡ്മിഷൻ നന്നേ മോശമാണ്. മാത്രമല്ല, പല മദ്റസകളും പഠിതാക്കളില്ലാതെ അടച്ചുപൂട്ടേണ്ട അവസ്ഥയിലാണ്. ഇങ്ങനെ പോയാൽ നമ്മുടെ ഇളം തലമുറയുടെ ഭാവിയെന്താവും?

കേരളം പോലെ അറബിക് കോളേജുകളും മദ്റസകളും പ്രവർത്തിക്കുന്ന മറ്റൊരു പ്രദേശം ഇന്ത്യയിൽ ഇല്ലെന്നാണു തോന്നുന്നത്. ഈ രംഗത്ത് ചെലവാക്കുന്നത് കോടികളാണ്. എന്നിട്ടും നമ്മുടെ നാട്ടിൽ മുഅദ്ദിനും ഖത്വീബിനും വേണ്ടി പള്ളി ഭാരവാഹികൾ നെട്ടോട്ടമോടുകയാണ്. നല്ല ഓഫറുകൾ നൽകിയിട്ടും ആളുകൾക്ക് ക്ഷാമം തന്നെ.

മതപണ്ഡിതന്മാരുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞുവരുന്നു. വരുംകാലം സമുദായത്തെ നയിക്കാൻ പ്രാപ്തിയുള്ള മതപണ്ഡിതന്മാരുടെ നിര കാണാനേയില്ല. പല ഉന്നത മത പഠനകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ടെങ്കിലും യോഗ്യരായ പഠിതാക്കളെ കിട്ടാനില്ല. ഇങ്ങനെ പോയാൽ അറബിക് കോളേജുകൾ വരെ അടച്ചിടാൻ ഇനി അധികനാൾ വേണ്ടിവരില്ല. പലതിനും താഴിട്ടു കഴിഞ്ഞു. മതപണ്ഡിതന്മാരുടെ വംശനാശത്തിനാണിത് വഴിവെക്കുക.

മതപഠനം പരലോക നേട്ടത്തിനേ ഉപകരിക്കൂ എന്നും അടിപൊളി ജീവിതത്തിന് ഭൗതിക വിദ്യാഭ്യാസം തന്നെ

## ഹോളോകാസ്റ്റ് എന്ന വിശുദ്ധ പശു

**ഹോളോകാസ്റ്റ്** സംഭവത്തെ നിരൂപണം ചെയ്തതിന്റെ പേരിൽ അരുൺഗാന്ധിക്കും അതിനുമുമ്പ് നോർമൻ ഫിങ്കൽസ്റ്റൈൻ, ജിമ്മികാർട്ടർ, ജോൺ മേർഷിമർ എന്നിവർക്കും ഉണ്ടായ കടുത്ത അനുഭവങ്ങൾ വായിച്ചു(ലക്കം: 36). ഈ പട്ടികയിൽ ഇനിയും ധാരാളം പേരെ ചേർത്തുവായിക്കേണ്ടതുണ്ട്. ഡോ. യൂസുഫുൽ ഖർദാവി 'ആഗോളവൽക്കരണവും മുസ്‌ലിംകളും' എന്ന കൃതിയിൽ ഏതാനും വ്യക്തികളെ പരിചയപ്പെടുത്തുന്നു. അറുപതു ലക്ഷം ജൂതന്മാരെ നാസികൾ ഗ്യാസ് ചേമ്പറിലിട്ട് ചുട്ടുകൊന്നുവെന്നാണ് സിയോണിസ്റ്റുകളും അവരുടെ പിൻതാങ്ങികളും പ്രചരിപ്പിക്കുന്നത്. ലോകത്തിന്റെ മുഴുവൻ സഹതാപം പിടിച്ചുപറ്റാൻ അവർ പ്രചരിപ്പിക്കുന്ന ഈ കഥയിൽ സംശയങ്ങൾ ഉന്നയിക്കുന്നവരെ വരെ വേട്ടയാടുകയാണ് അവരുടെ പതിവ്.

ബ്രിട്ടീഷ് ചരിത്രകാരൻ ഡേവിഡ് എർവിങ്ങിനെ ഭരണകൂടവും കോടതിയും മാത്രമല്ല സമൂഹവും മീഡിയയും ശിക്ഷിക്കുകയും പീഡിപ്പിക്കുകയും ചെയ്തത് ഹോളോകാസ്റ്റിനെ സംശയിച്ചതിന്റെ പേരിലായിരുന്നു. മറ്റൊരു ഇരയായ സ്വിസ് ചരിത്രകാരൻ യൂർജൻ ഗ്രാഫിന് സ്വിസ് കോടതി പതിനഞ്ചുമാസത്തെ തടവുശിക്ഷ വിധിക്കുകയും അദ്ദേഹത്തിന്റെ ഗ്രന്ഥം നിരോധിക്കുകയും ചെയ്തു. ഗ്യാസ് ചേംബർ സംഭവം ചോദ്യം ചെയ്ത് പുസ്തകരചന നടത്തിയ ഫ്രഞ്ച് ചരിത്രകാരൻ ബോൾ റാസ്സിനിയാണ് വിചാരണക്ക് വിധേയനായ മറ്റൊരു വ്യക്തി. ഫ്രാൻസിൽ റജാ ഗരോഡിയുടെ പുസ്തകം നിരോധിച്ചതും ഹോളോകാസ്റ്റിനെ ചോദ്യം ചെയ്തതിന്റെ പേരിലായിരുന്നു. അമേരിക്കൻ കോൺഗ്രസ് അംഗം പോൾവെന്റ്‌ലി 'ആർക്കാണ് സംസാരിക്കാൻ ധൈര്യം?' എന്ന പുസ്തകത്തിൽ സിയോണിസത്തെ വിമർശിച്ചതിന്റെ പേരിൽ തെരഞ്ഞെടുപ്പിൽ തോൽപ്പിക്കപ്പെട്ട സംഭവവും ഡോ. ഖർദാവി ഉദ്ധരിക്കുന്നു. ഹോളോകാസ്റ്റിനെക്കുറിച്ച് ഗവേഷണ പ്രബന്ധങ്ങൾ സമർപ്പിക്കുന്ന വിദ്യാർഥികളും പീഡനങ്ങൾക്ക് വിധേയരാകുന്നു. ഗ്യാസ് ചേമ്പർ സംഭവത്തെ പെരുപ്പിച്ചുകാട്ടി ലോകരാഷ്ട്രങ്ങളുടെ സഹതാപം പിടിച്ചുപറ്റി നിലവിൽവന്ന ഇസ്രയേൽ ഇപ്പോൾ ഗസ്സയിൽ മുസ്‌ലിംകൾക്കെതിരെ ഹോളോകാസ്റ്റ് ആവർത്തിക്കുമെന്ന് ഭീഷണിപ്പെടുത്തുന്നത് എന്തൊരു വിരോധാഭാസമാണ്!

**സി.കെ വടകര**

വേണമെന്നുമുള്ള പിഴച്ച ചിന്തകൾ സമുദായത്തെ ആഴത്തിൽ സ്വാധീനിച്ചിരിക്കുന്നു. ഐഹിക ജീവിതത്തിലെ നേട്ടങ്ങൾക്കും മതവിദ്യാഭ്യാസം ആവശ്യമാണെന്ന് അധിക പേരും ഓർക്കുന്നില്ല.

മത വിദ്യാഭ്യാസത്തോടുള്ള മുസ്‌ലിം സമുദായത്തിന്റെ സമീപനത്തിൽ മാറ്റം വേണം. എന്നാലേ ഈ ശോചനീയാവസ്ഥയിൽനിന്ന് രക്ഷയുള്ളു. പ്രൈമറി തലം മുതൽ ഉന്നത കലാലയം വരെ കാതലായ പരിഷ്കരണം ആവശ്യമാണ്. ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ശാസ്ത്രീയമായ രീതിയിൽ മതപഠനം ക്രമീകരിക്കേണ്ടതുണ്ട്.

**അബ്ദുൽ ജബ്ബാർ കൂരാരി**

## ചുരുക്കെഴുത്ത്

**തങ്ങൾ** എന്തിനാണ് പിളർന്നതെന്ന് ഇരുവിഭാഗം മുജാഹിദ് ഗ്രൂപ്പുകളും ഇനിയെങ്കിലും ജനങ്ങളോട് തുറന്നു പറയണം. സ്നേഹത്തെക്കുറിച്ചും സാഹോദര്യത്തെക്കുറിച്ചും മാനവിക ഐക്യത്തെക്കുറിച്ചും സംസാരിക്കുന്നവരിൽ എന്തുകൊണ്ട് ഈ ഗുണങ്ങൾ കാണുന്നില്ല. എത്രകോടി രൂപയും മനുഷ്യാധ്വാനവുമാണ് വാശിയോടെ നടത്തപ്പെട്ട രണ്ടു സമ്മേളനങ്ങൾക്കായി ചെലവഴിച്ചത്!

ഒരേ ആശയം വെച്ചുപുലർത്തുന്നവർക്ക് പരസ്പര വിട്ടുവീഴ്ചക്ക് കഴിയാതിരിക്കുന്നത് ആശ്ചര്യകരം തന്നെ.

**വി.കെ റഫീഖ് ജിദ്ദ**

**'മുതലാളിത്തം** കമ്യൂണിസം ഇസ്‌ലാം' എന്ന മൗലാനാ മൗദൂദിയുടെ നിരീക്ഷണം (ലക്കം: 32) സമകാലിന കമ്യൂണിസത്തിന്റെ പോസ്റ്റുമോർട്ടം പോലെ തോന്നുന്നു. ആറുപതിറ്റാണ്ടു മുമ്പ് ലോകത്തിന്റെ മൂന്നിലൊന്നും കമ്യൂണിസത്തിന്റെ പിടിയിലമർന്ന കാലത്തെ ഈ നിരീക്ഷണത്തെ അവജ്ഞയോടെ മാത്രമേ ബുദ്ധിജീവികൾ കണ്ടിരുന്നുള്ളൂ.

**കെ.എ ജബ്ബാർ അമ്പലപ്പുഴ**

**ഹമീദ്** മനക്കൊടിയുടെ 'ലഹരി ബാധിച്ച സമുദായം'(ലക്കം: 38) പല തവണ വായിച്ചു. പച്ചയായ അനുഭവ യാഥാർഥ്യങ്ങൾ കുറിച്ചിടുകയാണ് ലേഖകൻ. സകല തിന്മകളുടെയും താക്കോലായ മദ്യപാനം സമുദായത്തെ എത്രമാത്രം ഗ്രസിച്ചിരിക്കുന്നു എന്നത് ചിന്തകളിൽ അഗ്നി പടർത്തുന്നു. സമുദായത്തിന്റെ സദാചാര ബോധവും സന്മാർഗ നിഷ്ഠയും എവിടെ?

**ഷബീർ അണ്ടത്തോട്**

# പൊതു വിഷയങ്ങളിൽ ഒന്നിച്ചുകൂടേ?

**'മറ്റു** സംഘടനകളെപ്പോലെ നിങ്ങൾ ജമാഅത്തെ ഇസ്‌ലാമിക്കാർ പിളരാതിരിക്കുന്നതിന്റെ രഹസ്യം എനിക്ക് പിടികിട്ടിയത് ശൈഖ് മുഹമ്മദ് കാരകുന്നിന്റെ ലേഖനം വായിച്ചപ്പോഴാണ്' 'മുജാഹിദ് ഐക്യം-സുമനസ്സുകളുടെ സ്വപ്നം' എന്ന ലേഖനത്തെക്കുറിച്ച് ഒരു സുഹൃത്തിന്റെ പ്രതികരണം. 'ജമാഅത്തിനെ അതിനിശിതമായി വിമർശിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനത്തിന്റെ പിളർപ്പിൽ ആഹ്ലാദിക്കുന്ന സ്വരമല്ല; പ്രത്യുത വീഴ്ചകൾ ഗുണകാംക്ഷയോടെയും വേദനയോടെയും ചൂണ്ടിക്കാണിച്ച് പരസ്പരം ഒന്നിക്കുവാനുള്ള ആത്മാർഥമായ അഭ്യർഥനയാണ് ആ ലേഖനത്തിലുടനീളം. നിങ്ങൾക്കല്ലാതെ, മറ്റൊരു പ്രസ്ഥാനത്തിനും ഈ വിധമൊരു നിലപാടു സ്വീകരിക്കാൻ കഴിയുമെന്ന് കരുതുന്നില്ല.തങ്ങളെ സദാ പഴിപറയുന്ന ഒരു പ്രസ്ഥാനത്തോടുള്ള നിലപാട് ഇതാണെങ്കിൽ, സ്വന്തം സംഘടനയെ ഭദ്രമായും പ്രതിബദ്ധതയോടെയും കാത്തുസൂക്ഷിക്കാൻ നിങ്ങൾ ജാഗരൂകരാകും എന്നത് ഉറപ്പാണ്.'

മാതൃകാ സമൂഹമാകുന്നതിനും ദഅ്‌വത്ത് എന്ന മുഖ്യ ദൗത്യം നിറവേറ്റുന്നതിനും സുന്നീ-മുജാഹിദ് സംഘടനകളിലെ ഭിന്നിപ്പ് തടസ്സമായി നിൽക്കുന്നുണ്ട്. വിലപ്പെട്ട സമയവും സമ്പത്തും കഴിവുകളും പരസ്പരം പഴി പറയുന്നതിനും തോൽപിക്കുന്നതിനും വേണ്ടി ചെലവഴിക്കുമ്പോൾ സംഭവിക്കുന്നത് യഥാർഥ ലക്ഷ്യത്തിൽ നിന്നുള്ള അകൽചയാണ്.അഭിപ്രായ വ്യത്യാസങ്ങൾ ഇന്നുണ്ടായതല്ല. സ്വന്തം വീക്ഷണങ്ങൾ കൈവിടാതെതന്നെ യോജിപ്പിന്റെ മേഖലകളിൽ ഒന്നിച്ചുനിന്ന് പ്രവർത്തിക്കുവാൻ സന്മനസ്സുണ്ടെങ്കിൽ മുസ്‌ലിം സംഘടനകൾക്കു കഴിയും. സമൂഹത്തിൽ പിടിമുറുക്കുന്ന മദ്യവും മയക്കുമരുന്നും, ഉപഭോഗ സംസ്കാരത്തിന്റെ നീരാളിപ്പിടുത്തം, അധാർമിക പ്രവണതകളുടെ സ്വാധീനം, സ്ത്രീധനം, ധൂർത്ത്, സാമ്രാജ്യത്വത്തിന്റെയും ഫാസിസത്തിന്റെയും കടന്നുകയറ്റം തുടങ്ങി മുസ്‌ലിം സംഘടനകൾക്കിടയിൽ ഏകാഭിപ്രായമുള്ള വിഷയങ്ങൾ നിരവധിയാണ്. പൊതുപ്രശ്നങ്ങളിൽ ഭിന്നതകൾ മാറ്റിവെച്ച് ഒന്നിച്ചുനിന്ന് വിജയം കൈവരിച്ച അനുഭവങ്ങൾ അവർക്കുണ്ടുതാനും.

ഭരണം എന്ന മിനിമം പരിപാടിയിൽ ദൈവവിശ്വാസികളും ദൈവനിഷേധികളും ഏറെക്കാലം ഒന്നിച്ചു നിൽക്കുന്നു. എങ്കിൽ ഒരേ ദൈവത്തിലും ഒരേ വേദഗ്രന്ഥത്തിലും വിശ്വസിക്കുന്ന മുസ്‌ലിം സംഘടനകൾക്ക് പൊതുവിഷയങ്ങളിൽ പോലും യോജിച്ചു പ്രവർത്തിക്കാൻ സാധ്യമല്ലെന്ന് ശഠിക്കുന്നത് ആത്മഹത്യാപരമാണ്.

**റഹ്‌മാൻ മധുരക്കുഴി**

## മദ്റസാധ്യാപകരും മനുഷ്യരാണ്

**മദ്റസകളിലെ** അധ്യാപകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ ഭൂരിപക്ഷം കമ്മിറ്റി ഭാരവാഹികൾക്കും സാധിച്ചിട്ടില്ല. മദ്റസാധ്യാപകർ മാനുഷിക പരിഗണനകൾ അർഹിക്കുന്നില്ലെന്ന മട്ടിലാണ് മിക്ക കമ്മിറ്റി ഭാരവാഹികളുടെയും പെരുമാറ്റം. മദ്റസാധ്യാപകരും മനുഷ്യരാണ്. മറ്റുള്ളവർക്കുള്ളതുപോലെ അവർക്കുമുണ്ട് പ്രശ്നങ്ങൾ. അത് ഉൾക്കൊള്ളാനുള്ള മനസ്സുണ്ടാവണം.

ഇതര സ്ഥാപനങ്ങളുടെ സാമ്പത്തിക നില മെച്ചപ്പെടുത്താൻ ഇസ്‌ലാമിക പ്രവർത്തകരടക്കം നാടുനീളെ ഓടിനടക്കുന്നു. എന്നാൽ മദ്റസയുടെ സാമ്പത്തിക വിഷയം വരുമ്പോൾ അതൊക്കെ അത്രമതിയെന്ന കാഴ്ചപ്പാടാണ്. ശമ്പളം നൽകുന്നില്ലെങ്കിലും മദ്റസാധ്യാപകരോട് മാന്യമായി പെരുമാറാനെങ്കിലും പഠിക്കണം. അധ്യാപകരെ കമ്മിറ്റികൾ എത്ര പരിഗണിക്കുന്നുവോ അത്രയാണ് മദ്റസാ പ്രസ്ഥാനങ്ങളുടെ വിജയം.

**നിസ്താർ കീഴുപറമ്പ്**